(ബി) 1-4-2002-നും 30-6-2004-നും മദ്ധ്യേ റിട്ടയർ ചെയ്തവർക്ക് ഏഴ് വർഷത്തോളം സർവ്വീസിൽ തുടർന്നിട്ടും പരിഷ്കരണത്തിന്റെ ആനുകൂല്യം ലഭിച്ചില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ അവർക്ക് എത്ര ശതമാനം നഷ്ടമാണ് ഉണ്ടായതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ആയതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ :

(ഡി) ശമ്പളക്കമ്മീഷൻ പ്രസ്തുത വിഭാഗക്കാരുടെ കാര്യത്തിൽ നല്കിയ ശിപാർശയെന്തെന്ന് വ്യക്തമാക്കുമോ ?

(ഇ) പ്രസ്തുത വിഭാഗക്കാർക്ക് ദോഷകരമായ ശിപാർശ ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലുണ്ടെങ്കിൽ ആയത് നിരസിച്ച് പരിഹാര നടപടികൾ സ്വീകരിക്കുമോ

ഉത്തരം

(എ) സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1-4-2002-നും 30-6-2004-നും മദ്ധ്യേ സർവ്വീസിൽ നിന്നും പിരിഞ്ഞവർക്ക് 19-11-2010-ലെ സ.ഉ.(പി) നമ്പർ 602/10/ധന പ്രകാരം അടിസ്ഥാന പെൻഷനിൽ 5% വർദ്ധനവ് നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത വിഭാഗക്കാരുടെ കാര്യത്തിൽ 10% ഫിറ്റ്മെന്റ് ബെനിഫിറ്റ് നൽകാനാണ് ശമ്പളകമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്.

(ഇ) ശമ്പളകമ്മീഷൻ റിപ്പോർട്ട് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

വൺ റാങ്ക് വൺ പെൻഷൻ

170(1427) ശ്രീ. കെ. ബാബു :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ.എ. ഷുക്കൂർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം ശമ്പളക്കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരമുള്ള പെൻഷൻ പരിഷ്കരിക്കുമ്പോൾ വൺ റാങ്ക് വൺ പെൻഷൻ നിലനിർത്തണം എന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു തീരുമാനം കൈക്കൊണ്ടിട്ടുണ്ട് എന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് മന്ത്രിസഭാ ഉപസമിതി എന്ത് ശുപാർശയാണ് നല്കിയിരുന്നത് എന്നറിയിക്കുമോ;

(ഡി) വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും ശേഷം അംഗികരിച്ച വൺ റാങ്ക് വൺ പെൻഷൻ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി&ഡി) മന്ത്രിസഭാ ഉപസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശമ്പള പരിഷ്കരണത്തിലെ അനോമലി പരിഹരിക്കുവാൻ നടപടി

171(1428) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ നടപ്പിലാക്കുവാൻ പോകുന്ന ശമ്പള പരിഷ്കരണ ശിപാർശയിൽ ഹയർസെക്കന്ററി അദ്ധ്യാപകരുടെ ശമ്പള സ്കെയിൽ, നേരത്തെ ഉള്ള ഇവരുടെ സമാന തസ്തികയിലുള്ളവരുടെ ശമ്പള സ്കെയിലിൽ നിന്നും താഴ്ത്തിയാണ് ശിപാർശചെയ്യപ്പെട്ടിട്ടുള്ളതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അനോമലി പരിഹരിക്കുവാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ :

ഉത്തരം

(എ&ബി) മന്ത്രിസഭാ ഉപസമിതിയും ധനകാര്യവകുപ്പും ശമ്പള പരിഷ്കരണ റിപ്പോർട്ട് പരിശോധിച്ചു വരുന്നു.

മുൻ സർക്കാർ ശമ്പളം പരിഷ്ക്കരിച്ചപ്പോൾ ഉണ്ടായ അനോമലികൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ

172(1429) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാർ സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടേയും ശമ്പളം പരിഷ്ക്കരിച്ചപ്പോൾ ഉണ്ടായ അനോമലികൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത അനോമലികൾ പരിഹരിച്ചതിലൂടെ ജീവനക്കാരുടെ നഷ്ടപ്പെട്ടിരുന്ന എന്തെല്ലാം ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly